ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷി പദ്ധതി

218 (1657) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലകളിൽ പാരമ്പര്യകൃഷി പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചെതന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം ഇനം കൃഷിയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് ; ഇതിൽ ഏതെല്ലാം ഇനം കൃഷിയിറക്കി വിളവെടുത്തു ;

(സി) കൃഷിയിറക്കാത്ത പാടങ്ങളിൽ കൃഷിയിറക്കിയതായി കണക്കുകളുണ്ടാക്കിയതായിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അട്ടപ്പാടി ബ്ലോക്കിലെ ആദിവാസി മേഖലയിൽ "കോംപ്രിഹൻസീവ് അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ഇൻ ട്രൈബൽ ഹാംലെറ്റ്സ് ഓഫ് അട്ടപ്പാടി" എന്ന സമഗ്ര കാർഷിക വികസന പദ്ധതി 2013-14 സാമ്പത്തിക വർഷം ആരംഭിച്ചു. നടപ്പിലാക്കി വരുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഴം, പച്ചക്കറികൾ, തോട്ടവിളകൾ, പരുത്തി എന്നീ വിളകളുടെ കൃഷി വ്യാപനമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഘടകം. 2013-14-ലെ രണ്ടാം വിള സീസണിൽ കൃഷി ഇറക്കി വിളവെടുത്ത വിളകൾ ചുവടെ ചേർക്കുന്നു :

1. ചെറുധാന്യങ്ങളായ കുവരക്, ചോളം.
2. പയറുവർഗ്ഗങ്ങളായ പയർ, മുതിര, ഉഴുന്ന്, ഇവര പരിപ്പ്.
3. പച്ചക്കറികൾ.
4. തോട്ടവിളകൾ (കൃഷി ഇറക്കിയത്) തെങ്ങ്, കമുക്, കാപ്പി.

LIBRARY ARCHIVES Kerala Legislative Assembly

2014-15-ലെ ഒന്നാം വിള സീസണിൽ കുവരക്, ചാമ എന്നീ ചെറുധാന്യങ്ങളും ഇവര, മുതിര, പയർ എന്നീ പയറുവർഗ്ഗങ്ങളും പരുത്തി, നിലക്കടല, വിവിധ ഇനം പച്ചക്കറികളും കൃഷി ചെയ്തു. നിലക്കടല, റാഗി, പയർ എന്നിവയുടെ വിളവെടുത്തു. 2014-15 രണ്ടാം വിള സീസണിൽ മുതിര, ഉഴുന്ന്, ചോളം, ബീൻസ് എന്നിവ കൃഷി ചെയ്യാൻ വിത്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതി അവലോകനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ജില്ലാതലത്തിലും ബന്ധപ്പെട്ട ബ്ലോക്കുതലത്തിലും (അട്ടപ്പാടി ബ്ലോക്ക്) പഞ്ചായത്തുതലത്തിലും (അഗളി, പുതൂർ, ഷോളയാർ) ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

219 (1658) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിൽ എത്ര അപേക്ഷകർക്ക് തുക വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കുമോ ;

(സി) ശ്രീ. സി. പി. നാരായണൻ, ചെരുപറമ്പി വീട്, പനിച്ചയം, അശമന്നൂർ, എറണാകുളം എന്നയാൾ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) നഷ്ട പരിഹാര തുകയുടെ നിരക്ക് കുറച്ചിട്ടുണ്ടോ ; എങ്കിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൃഷിനാശംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി 'കണ്ടിജൻസി പ്രോഗ്രാം റ്റു മീറ്റ് നാച്ചുറൽ കലാമിറ്റി' എന്ന പദ്ധതി വഴി സൗജന്യ നിരക്കിൽ വിത്ത് വിതരണം നടത്തിവരുന്നു.

(ബി) 2013-14 മുതൽ 1,34,037 കർഷകർക്ക് തുക വിതരണം ചെയ്യാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly